പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4733 28.06.2013 ൽ മറുപടിയ്ക്ക്.

വിവരസാങ്കേതികവിദ്യ ജനങ്ങളിലെത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഉമ്മർ | ഡോ: എം.കെ.മുനീർ (ബഹു: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) വിവരസാങ്കേതികവിദ്യയെ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് കൂടുതൽ അറിവ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) വിവരസാങ്കേതിക വിദ്യയെ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് കൂടുതൽ അറിവ് നൽകുന്നതിന് ഗ്രാമ പഞ്ചായത്തുകളിൽ പ്രത്യേക പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി) സാധാരണ ജനങ്ങളിൽ വിവര സാങ്കേതിക വിദ്യ സംബന്ധിച്ച അറിവ് പകരുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ 2004-05 മുതൽ അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നിർബന്ധ പ്രോജക്ടായി തന്നെ ഇത് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇപ്പോഴും അക്ഷയ കേന്ദ്രങ്ങൾ മുഖേനയുള്ള കമ്പ്യൂട്ടർ സാക്ഷരത ആർജ്ജിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ